പുനർവായന

# 'ഗർഭം മുതൽ നീ എന്നെ താങ്ങിയിരിക്കുന്നു'

**തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി**

**ബാ**ല്യം മുതൽ ദൈവത്തിൽ ആശ്രയിച്ച് അവന്റെ അത്ഭുതകരങ്ങളായ സഹായ സംരക്ഷണങ്ങളും കൃപകളും തന്റെ ജീവിതത്തിൽ ധാരാളമായി അനുഭവിച്ചറിഞ്ഞ സങ്കീർത്തന ക്കാരന്റെ നന്ദി നിറഞ്ഞ വാക്കുകളാണിത്. ജീവന്റെ ആരംഭനിമിഷം മുതൽ ഈ പ്രായം വരെയും ദൈവത്തിന്റെ കൃപാകടാക്ഷങ്ങളും അളവറ്റ അവന്റെ കരുതലുകളും ഉണ്ടായതുകൊണ്ടു മാത്ര മാണ് ഇന്ന് നാം ജീവനോടും ആരോഗ്യത്തോടും കൂടി ഭൂമിയിൽ ശേഷിച്ചിരിക്കുന്നത് എന്നുള്ള സത്യം ഓർക്കുന്ന എത്ര ശതമാനം ആളുകളുണ്ട്?

ദൈവകൃപയാൽ ഞാൻ സുഖമായിരിക്കുന്നു; ആരോഗ്യവാനായിരിക്കുന്നു എന്ന് പറയു ന്നതിന് പകരം 'ഞാൻ എന്റെ' മിടുക്കും ബുദ്ധിശക്തിയും കൊണ്ട് ഇന്ന് ഈ നിലയിലെത്തിയിരി ക്കുന്നു എന്നാണ് പലരുടേയും ഭാവപ്രകടനം. ഫോണിൽ വിളിച്ച് ക്ഷേമാന്വേഷണം നടത്തുമ്പോൾ താൻ എന്നും കഴിക്കുന്ന ബ്രാണ്ടിയാണ് തന്റെ ആരോഗ്യത്തിന്റെയും ദീർഘായുസ്സിന്റെയും രഹ സ്യമെന്ന് പറയുന്ന ബാംഗ്ലൂരിലുള്ള എന്റെ ഒരു സ്നേഹിതനെ ഞാനിവിടെ ഓർക്കുന്നു. അനേ കായിരം വിദേശമലയാളികളും ഇന്ന് താത്ക്കാലികമായ സുഖങ്ങളിലും ധനത്തിലും ജീവിതപ്ര താപങ്ങളിലും ആശ്രയിച്ച് അതിൽ ഊറ്റംകൊണ്ട് ജീവിക്കുന്നു. എന്നാൽ അപ്രതീക്ഷിതവും അപ രിഹാര്യവുമായ ആപത്തനർത്ഥങ്ങൾ തൊട്ടുമുമ്പിലുണ്ടെന്നുള്ള സത്യം മനസ്സിലാക്കി ജീവിക്കു ന്നവർ വിരളമാകുന്നു. ആഗോളവ്യാപകമായ നാശത്തിന്റെ വക്കിലാണ് ലോകം ഇന്ന്. ആർക്കും സംശയം വേണ്ട ഇതിൽ. സമീപഭാവിയിൽ മദ്ധ്യപൗരസ്ത്യദേശത്തു നിന്നും പൊട്ടിപ്പുറപ്പെടാൻ പോകുന്ന മഹായുദ്ധം ഗൾഫിൽ ജീവിക്കുന്ന അനേകലക്ഷം മലയാളികളുടെ ജീവിതസ്വപ്ന ങ്ങളെ തകർത്തു തരിപ്പണമാക്കി കളയുമെന്നുള്ളതിനും സംശയം ഇല്ല. അമേരിക്കൻ ജനതയ്ക്കും മനുഷ്യരാശിയ്ക്കും ഈ യുദ്ധം ഒരു വിധത്തിലും ശുഭകരമായിരിക്കയില്ല എന്ന് എടുത്ത് പറയേ ണ്ടതുമില്ലല്ലോ.

ധാർമ്മികമായി തകർന്നുകൊണ്ടിരിക്കുന്നതും പൈശാചിക ശക്തികൾ രക്തതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്നതുമായ ഇന്നത്തെ ഭീകര ലോകത്തിൽ നമ്മുടെ ജീവന്റെ ബലവും സമാ ധാനവും സുരക്ഷിതത്വവും എവിടെ? നാം നമ്മുടെ കുടുംബത്തെയും കുഞ്ഞുങ്ങളെയും സ്നേഹി ക്കുന്നുവെങ്കിൽ ഈ വിഷയത്തെപ്പറ്റി ഗൗരവമായി നാം ചിന്തിക്കേണ്ടതാകുന്നു.

അമേരിക്കയിൽ ജീവിക്കുന്ന ബഹുഭൂരിപക്ഷം മനുഷ്യരുടെ ജീവിതത്തിൽ ഇന്ന് ദൈവം ഇല്ല. മനുഷ്യന്റെ ഏറ്റവും വലിയ അപകടാവസ്ഥ ദൈവം ജീവിതത്തിൽ ഇല്ലാത്ത അവസ്ഥ യാകുന്നു. മനുഷ്യന്റെ ഏറ്റവും വലിയ നിസ്സഹായാവസ്ഥയും ഇത് തന്നെയാകുന്നു.

സ്വായത്തമായിട്ടുള്ള ജീവിതസൗകര്യങ്ങൾക്കും ധനത്തിനും ആരോഗ്യത്തിനും സമ്പത്തു കൾക്കും മാറ്റമൊന്നും ഉണ്ടാകയില്ലെന്നും ദീർഘകാലം ഭൂമിയിൽ താൻ ഇങ്ങനെ തന്നെ ക്ഷേമ മായി ജീവിക്കുമെന്നും മൂഢമായി വിശ്വസിച്ച് കഴിയുന്ന അനേകായിരങ്ങളുണ്ട്. അനുഭഴിക്കുന്ന സംഖ്യാതീതങ്ങളായ നന്മകൾക്കും ആയുസ്സാരാരോഗ്യങ്ങൾക്കും ദൈവത്തിന് രണ്ടുവാക്ക് നന്ദിപറ യുവാൻ സമയം കണ്ടെത്താതെ അന്ധമായി ലോകത്തിന്റെ പിന്നാലെ ഓടിക്കൊണ്ടിരിക്കുന്ന മനു ഷ്യരെയാണ് നാം ഇന്ന് എവിടെയും കാണുന്നത്. പ്രാർത്ഥിക്കുന്നതും ദൈവ-ംജത്തിൽ ആശ്ര യിച്ച് ജീവിക്കുന്നതും തന്റെ സ്റ്റാറ്റസിന് ചേരുന്നതല്ലെന്നും വന്നിരിക്കുന്നിന്ന്. സത്യത്തിനും നീതിയ്ക്കും ധാർമ്മികമൂല്യങ്ങൾക്കുമൊന്നും യാതൊരു സ്ഥാനവും അനേകരുടെ ജീവിതത്തിൽ ഇന്നില്ല! ദൈവത്തെയോ, ദൈവകൃപകളെക്കുറിച്ചോ ഉള്ള യാതൊരു സത്യവും പറഞ്ഞുമനസ്സി ലാക്കിക്കൊടുക്കാതെ സ്വബുദ്ധിയിലും താൻപോരിമയിലും പണത്തിന്റെ പ്രതാപത്തിലും ആശ്ര യിച്ച് ജീവിക്കുവാൻ തങ്ങളുടെ മക്കളെ പഠിപ്പിക്കുന്ന അനേകായിരം മലയാളി മാതാപിതാക്ക ന്മാർ ഇന്ന് അമേരിക്കയിലും ഇതര പാശ്ചാത്യരാജ്യങ്ങളിലുമായിട്ടുണ്ട്. കേരളത്തിലെ യുവതലമു റയിൽ അധികം പേരും ആണും പെണ്ണും ഒരുപോലെ ഇന്ന് ധാർമ്മികമായി അധഃപതിച്ച് ജീവി ക്കുന്നു. അതിരുകൾ ഇല്ലാത്ത സുഖങ്ങളുടെ പിന്നാലെ ഓടുന്ന നമ്മുടെ യുവതലമുറ എന്തി

ലൊക്കെ തട്ടിത്തകരുമെന്ന് അവരോ അവരുടെ മാതാപിതാക്കന്മാരോ അറിയുന്നുമില്ല. അമേരിക്ക പോലെ മനുഷ്യജീവന് യാതൊരുവിലയും കൽപ്പിക്കാത്ത നാടായും തീർന്നിരിക്കുന്നു കേരളവും ഇന്ന്.

ജീവിതത്തിലെ ഭയങ്കരങ്ങളായ കൊടുങ്കാറ്റുകളിൽ നിന്നും കൂരിരുട്ടിൽ നിന്നും പ്രതിസന്ധിഘട്ടങ്ങളിൽ നിന്നുമൊക്കെ രക്ഷ നേടുന്നതിനും ജീവിതത്തിൽ യഥാർത്ഥമായ വിജയം കൈവരിക്കുന്നതിനും ദൈവീക പരിപാലനങ്ങളും അവന്റെ കൃപാകടാക്ഷങ്ങളും അനുപേക്ഷണീയം തന്നെയാകുന്നു എന്ന് മനസ്സിലാക്കി ദൈവവുമായുള്ള നല്ല ബന്ധത്തിൽ ജീവിക്കുന്നവർ ബുദ്ധിയുള്ളവരാകുന്നു. അന്ധകാരാവ്രതമായ ജീവിതത്തെ കണ്ട് രവീന്ദ്രനാഥടാഗോർ ഇങ്ങനെ പ്രാർത്ഥിച്ചു. 'പ്രഭോ, കൂരിരുട്ടിൽ നിന്നും പ്രകാശത്തിലേക്കും നിഴലുകളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കും, മരണത്തിൽ നിന്നും അനശ്വരതയിലേക്കും എന്നെ നയിക്കേണമേ' എന്ന്. 'നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്തുതിച്ചു. ജീവിതത്തിലെ അപകടകരങ്ങളായ പാപക്കുഴികളിൽ നിന്നും, വഴുവഴുപ്പുകളിൽ നിന്നും കുഴഞ്ഞ ചേറ്റുകളിൽ നിന്നും രക്ഷിപ്പാൻ സനേഹനിധിയും കാരുണ്യവാനുമായ ദൈവം നമ്മൾ ഓരോരുത്തരുടെയും അടുത്തേക്ക് ഓടിവന്നുകൊണ്ടിരിക്കുന്നു. എന്നാൽ അത്ഭുതകരവും അളവറ്റതുമായ അവന്റെ കൃപകളെയും രക്ഷാമാർഗ്ഗങ്ങളെയും മുൻവിധിയോടു കൂടി മനുഷ്യൻ തിരസ്ക്കരിച്ചു കളയുകയും ചെയ്യുന്നു. ദൈവാശ്രയവും ദൈവീകദർശനവും ഇല്ലാതെ പോയതുകൊണ്ട് നന്മയുടെയും ജീവന്റേയും പ്രകാശത്തിൽ ജീവിക്കുവാൻ അനേകർക്ക് സാധിക്കാതെ പോയിരിക്കുന്നു. ദൈവത്തെ പാടേ അവഗണിച്ച് സ്വന്തം വഴികളിൽ ജീവിക്കുന്ന മനുഷ്യർ നിനച്ചിരിക്കാത്ത വേളകളിൽ ആപത്തുകളുടെയും രോഗങ്ങളുടെയും കരിമ്പാറകളിൽ തട്ടി കാലത്തിലും അകാലത്തിലുമായി മനുഷ്യൻ തകർന്നുപൊയ്ക്കൊണ്ടിരിക്കുന്ന ദാരുണമായ കാഴ്ച നാം എന്നും കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ രക്ഷകനായി സ്വീകരിക്കാത്തത് പരമദയനീയം തന്നെയല്ലേ?

ചരിത്രത്തിലേക്കും ഭയാനകവും ക്രൂരവും നീചവും ദുഃഖപൂർണ്ണവുമായ അക്രമങ്ങളും രക്തച്ചൊരിച്ചിലുകൾ കൊണ്ടും നിറയപ്പെട്ട ഈ ദുർഘട കാലഘട്ടത്തിൽ ജീവിക്കുന്ന മനുഷ്യന് ഭൂമിയിൽ ഇന്ന് ന്ത് സുരക്ഷിതത്വമാണുള്ളത്? ഇവിടെയാണ് ഒരു ദോഷവും തട്ടാതവണ്ണം തന്റെ പ്രാണനെ കരുണയോടെ കാത്തുപരിപാലിക്കുന്ന ഒരു ദൈവത്തിന്റെ ആവിശ്യകത മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ട്.

ദൈവം തന്നിരിക്കുന്ന ആരോഗ്യത്തിലും, ധനത്തിലും ബുദ്ധിശക്തിയിലും ഭൗതികനേട്ടങ്ങളിലുമൊക്കെ അഹങ്കരിച്ച് ജീവിക്കുന്ന മനുഷ്യരോട് ദൈവം ഇങ്ങനെ കൽപിക്കുന്നു. 'സൈന്യബഹുത്വത്താൽ രാജാവ് ജയം പ്രാപിക്കുന്നില്ല; ബലാധിക്യം കൊണ്ട് അത് വിടുവിക്കുന്നതുമില്ല. യഹോവയുടെ ദൃഷ്ടി അവന്റെ ഭക്തന്മാരുടെ മേലും ഇരിക്കുന്നു' (സങ്കീ. 33) നമ്മുടെ ദൈവത്തിന്റെ മഹാമനസ്കതയും സ്നേഹവും കരുണയും കരുതലും കൊണ്ടാകുന്നു നാം ഇന്നും ആരോഗ്യത്തോടെ നന്മകൾ അനുഭവിച്ച് ജീവിച്ചിരുന്നതെന്നുമുള്ള സത്യം നാം ഒരിക്കലും വിസ്മരിക്കരുത്. ഓർക്കുക, 'നാം മുടിഞ്ഞു പോകാതിരിക്കുന്നത് യഹോവയുടെ ദയയാകുന്നു'. (വിലാപങ്ങൾ: 3:6). എത്രയോ അത്യാഹിതങ്ങളിൽ നിന്നും ആപത്തനർത്ഥങ്ങളിൽ നിന്നും നിരാശതകളിൽ നിന്നും മറ്റു പല പ്രശ്നങ്ങളിൽ നിന്നുമൊക്കെ ദൈവം നമ്മേ രക്ഷിച്ചിരിക്കുന്നു. കണ്ണിലെ കൃഷ്ണമണിപോലെ ദൈവം നമ്മേ കരുണയോടെ കാത്തു പരിപാലിക്കുന്നു. അതെ 'ഗർഭം മുതൽ നീ എന്നെ താങ്ങിയിരിക്കുന്നു'.

**********